## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6299 — 20.11.2019 ൽ മറുപടിയ്ക്ക്

## തൊഴിൽ നൈപുണ്യ മേഖലയിലെ പദ്ധതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ നൈപുണ്യ മേഖലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;<br><br>**(ബി)** ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | **(എ) യും (ബി) യും**<br>വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തത്തക്ക വിധത്തിലും തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് പരിശീലന പദ്ധതികൾ KASE ആവിഷ്കരിച്ചുവരുന്നത്. നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് |

| | | |
|---|---|---|
| | | എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ<br>3. കൗശൽകേന്ദ്രകൾ<br>4. കേരളസ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>5. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ<br>6. സ്റ്റേറ്റ് ജോബ് പോർട്ടൽ<br>7. സ്കിൽ രജിസ്ട്രി<br>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ |

സെക്ഷൻ ഓഫീസർ